പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ .464

01.07.2013-ൽ മറുപടിക്ക്

# മത്സ്യത്തൊഴിലാളികളുടെ കടങ്ങൾ എഴുതിത്തള്ളാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ഡോ. എൻ. ജയരാജ്<br>ശ്രീ. എം.വി.ശ്രേയാംസ് കുമാർ<br>,, പി.സി.ജോർജ്<br>,, റോഷി അഗസ്റ്റിൻ | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | കടക്കെണിയിലായ മത്സ്യത്തൊഴിലാളികളുടെ കടങ്ങൾ എഴുതിത്തള്ളാൻ ഉദ്ദേശിക്കുന്നുവോ ; വ്യക്തമാക്കുമോ; | (എ) | 31.12.07 വരെ മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങൽ, ഭവനനിർമ്മാണം, വിദ്യാഭ്യാസം, ചികിത്സ, വിവാഹം എന്നീ ആവശ്യങ്ങൾക്കായി എടുത്ത വായ്പകളിന്മേൽ മത്സ്യത്തൊഴിലാളി കടാശ്വാസ പദ്ധതിയിലൂടെ കടാശ്വാസം അനുവദിക്കുന്നതിനുള്ള നടപടികൾ തുടർന്നു വരുന്നു. |
| (ബി) | കടാശ്വാസത്തിനായി ലഭിച്ചിട്ടുള്ള അപേക്ഷകൾ പ്രകാരം എത്ര തുകയുടെ ബാധ്യതയാണുള്ളതെന്ന് അറിയിക്കുമോ; | (ബി) | മത്സ്യത്തൊഴിലാളികൾ വിവിധ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള വായ്പകളെ സംബന്ധിച്ച വിവരം ഒരു അപേക്ഷയിൽ തന്നെ രേഖപ്പെടുത്താൻ അനുവദിച്ചിട്ടുള്ളതിനാലും വായ്പ സ്ഥാപനങ്ങളുടെ അടിസ്ഥാനത്തിൽ കടാശ്വാസത്തിനായി പരിഗണിക്കുന്നതിനാലും മുഴുവൻ അപേക്ഷകളും തീർപ്പാക്കിയാൽ മാത്രമേ ആകെ എത്ര തുകയുടെ ബാദ്ധ്യതയാണുള്ളത് എന്ന് കണക്കാക്കാൻ കഴിയുകയുള്ളൂ. |
| (സി) | കടബാധ്യതയിൽപ്പെട്ട മത്സ്യത്തൊഴിലാളികളുടെ കടങ്ങൾ എഴുതി തള്ളുന്നതിന് പ്രത്യേക ഫണ്ട് നീക്കിവച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ ; | (സി) | മത്സ്യത്തൊഴിലാളികൾ മത്സ്യഫെഡ്, മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്ത പ്രാഥമിക സഹകരണ സംഘങ്ങൾ, 1969 ലെ കേരള സഹകരണ സംഘം ആക്ട് പ്രകാരം പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾ/സഹകരണ ബാങ്കുകൾ എന്നിവിടങ്ങളിൽ നിന്ന് എടുത്തിട്ടുള്ള വായ്പകൾ എഴുതിത്തള്ളുന്നതിന് നാളിതുവരെ 125.273 |

| | | | |
|---|---|---|---|
| | | | കോടി രൂപ അനുവദിച്ചിട്ടുണ്ട്. സഹകരണ മേഖലയുമായി ബന്ധപ്പെട്ട് ബാക്കി നൽകുവാനുള്ള തുക രജിസ്ട്രാർക്ക് അനുവദിച്ചു നൽകുന്നതിന് നടപ്പു സാമ്പത്തിക വർഷം ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല. ആയതിനാൽ S.D.G. യിൽ ഉൾപ്പെടുത്തി 50 കോടി രൂപ കടാശ്വാസത്തിനായി അനുവദിക്കുന്ന കാര്യം പരിഗണിച്ചു വരുന്നു. |
| (ഡി) | കടാശ്വാസത്തിനായി ഇതുവരെ അപേക്ഷിക്കാൻ കഴിയാത്ത മത്സ്യത്തൊഴിലാളികൾക്ക് അപേക്ഷ നൽകുന്നതിന് 2013 ജൂലൈ 31 വരെ സാവകാശം നൽകാൻ നടപടി സ്വീകരിക്കുമോ ? | (ഡി) | കടാശ്വാസത്തിനായി ഇതുവരെ അപേക്ഷിക്കാൻ കഴിയാത്ത മത്സ്യത്തൊഴിലാളികൾക്ക് അപേക്ഷ നൽകുന്നതിന് 30.06.13 വരെ സമയം അനുവദിച്ചുകൊണ്ട് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ